**"ഭരണഭാഷ-മാതൃഭാഷ"**
**വ്യാവസായിക പരിശീലനവകുപ്പ്**
**(കേരളസംസ്ഥാനം)**

തൊഴിൽ ഭവൻ, തിരുവനന്തപുരം

നമ്പർ: DT/5971/2019-G2

തീയതി: 14/01/2020

## വിജ്ഞാപനം

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് 2020 ജനുവരി -എം.ഐ.സ് പോർട്ടൽ മുഖേന ആഗസ്റ്റ് 2018 വർഷത്തിൽ അഡ്മിഷൻ നേടി വാർഷിക സമ്പ്രദായത്തിൽ പരീക്ഷയെഴുതി പരാജയപ്പെട്ട പ്രൈവറ്റ് ട്രെയിനികളിൽ (വ്യാവസായിക തൊഴിലാളികൾ) നിന്നും ഒന്നാം വർഷ സപ്ലിമെന്ററി ട്രേഡ് ടെസ്റ്റ് എഴുതുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

***********

2020 ജനുവരിയിൽ നടത്തുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന്, എം.ഐ.സ് പോർട്ടൽ മുഖേന 2018 വർഷത്തിൽ അഡ്മിഷൻ നേടിയശേഷം 2019 ജൂലൈ ട്രേഡ് ടെസ്റ്റിൽ വാർഷിക സമ്പ്രദായത്തിൽ പരീക്ഷയെഴുതി പരാജയപ്പെട്ട പ്രൈവറ്റ് ട്രെയിനികളിൽ (വ്യാവസായിക തൊഴിലാളികൾ) നിന്നും ഒന്നാം വർഷ സപ്ലിമെന്ററി ട്രേഡ് ടെസ്റ്റ് എഴുതുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു. **20-01-2020** വൈകുന്നേരം 3 മണിയ്ക്ക് മുൻപായി ബന്ധപ്പെട്ട ഐടിഐ പ്രിൻസിപ്പാളിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫീസ് 1105/- (ആയിരത്തി ഒരുന്നൂറ്റി അഞ്ച് രൂപയും 550/- രൂപഫൈനോടുകൂടി അപേക്ഷ സ്വീകരിക്കുന്നതിനുള്ള അവസാന തീയതി **23-01-2020** ആണ്.

### 1.അപേക്ഷകന് വേണ്ട യോഗ്യതകൾ

എം.ഐ.സ് പോർട്ടൽ മുഖേന 2018 വർഷത്തിൽ അഡ്മിഷൻ നേടിയശേഷം ജൂലൈ 2019 ൽ നടത്തിയ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ വാർഷിക പരീക്ഷയിൽ പങ്കെടുത്ത് പരാജയപ്പെട്ടവർ ആണ് തുടർന്ന് സപ്ലിമെന്ററിയായി വാർഷിക പരീക്ഷ എഴുതാൻ ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കേണ്ടത്..

### 2.അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

**എ)** വാർഷിക പരീക്ഷയിൽ (സപ്ലിമെന്ററി) പങ്കെടുക്കുന്നതിന്

അപേക്ഷ സമർപ്പിക്കുന്ന ട്രെയിനികൾ മുൻപ് വാർഷിക പരീക്ഷ എഴുതുന്നതിന് ലഭിച്ച ഹാൾ ടിക്കറ്റിന്റെ പകർപ്പ് ഹാജരാക്കണം.

**ബി)** അടിസ്ഥാന യോഗ്യത തെളിയിക്കുന്ന സർടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

## 3.അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

**1.** മുൻപ് പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച സ്ഥാപനത്തിലാണ് ഈ അപേക്ഷയും സമർപ്പിണ്ടത്. അപേക്ഷാ ഫീസായി 1105/- (ആയിരത്തി ഒരുന്നൂറ്റി അഞ്ച് രൂപ 0230-ലേബർ ആന്റ് എംപ്ലോയിമെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ് എന്ന ശീർഷകത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കിയതിന്റെ അസ്സൽ ചെലാൻ അപേക്ഷയോടൊപ്പം ഹാജരാക്കണം.

**2.** ഒരിക്കൽ അടച്ച പരീക്ഷാ ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുകയോ വേറെ ഏതെങ്കിലും രീതിയിൽ ക്രമീകരിക്കുകയോ ചെയ്യുന്നതല്ല.

**3. സെമസ്റ്റർ പരീക്ഷകൾ ഒ.എം.ആർ.മാതൃകയിലാണ് ഇതുവരെ ഡി ജി ടി നടത്തിവന്നിരുന്നത്. എന്നാൽ ജനവരി 2020 അഖിലേന്ത്യ ട്രേഡ് ടെസ്റ്റ് സപ്ലിമെന്ററി പരീക്ഷയിലെ തിയറി , വർക്ക്ഷോപ്പ് കാൽക്കുലേഷൻ & സയൻസ് , എംപ്ലോയബിലിറ്റി സ്കിൽ എന്നീ വിഷയങ്ങൾ കമ്പ്യൂട്ടർ അധിഷ്ഠിത ഓൺലൈൻ പരീക്ഷയായാണ് നടത്തുന്നത് എന്ന് MSDE- 18011/08/CTS/JAN- 2020/2019 തീയതി 20-11-2019 കത്ത് പ്രകാരം ഡി.ജി.റ്റി. അറിയിച്ചിട്ടുണ്ട്. ടി പരീക്ഷയുടെ സമയം , പരീക്ഷാ കേന്ദ്രം എന്നിവ ഓൺലൈൻ ഹാൾടിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കും. കമ്പ്യൂട്ടർ അധിഷ്ഠിത ഓൺലൈൻ പരീക്ഷയ്ക്ക് പങ്കെടുക്കുന്ന ഓരോ ചോദ്യപേപ്പറിനും ഓരോ ട്രെയിനിക്ക് 135/- ( രൂപ നൂറ്റി മുപ്പത്തിയഞ്ച് + ടാക്സ് മാത്രം ) എന്ന കണക്കിൽ ഫീസ് ഓൺലൈൻ ആയി ഒടുക്കേണ്ടതാണ്.കൂടാതെ ഓരോ ട്രെയിനിയും അഡ്മിഷൻ / രജിസ്ട്രേഷൻ ഫീസിനത്തിൽ 50/- ( രൂപ അൻപത് മാത്രം ) ഓൺലൈൻ ആയി ഒടുക്കണം . കമ്പ്യൂട്ടർ അധിഷ്ഠിത ഓൺലൈൻ പരീക്ഷയ്ക്ക് തിയറിക്ക് ഒരു ചോദ്യ പേപ്പറും , വർക്ക്ഷോപ്പ് കാൽക്കുലേഷൻ & സയൻസ് , എംപ്ലോയബിലിറ്റി സ്കിൽ എന്നീ വിഷയങ്ങൾക്ക് രണ്ട് പാർട്ടായി ഒരു ചോദ്യപേപ്പറും ഉണ്ടായിരിക്കും.ഓരോ ചോദ്യ പേപ്പറിനും 2 മണിക്കൂർ സമയമാണ് അനുവദിച്ചിട്ടുള്ളത് .**

**എം.ഐ.എസ് പോർട്ടലിൽ ഹാൾടിക്കറ്റ് എലിജിബിലിറ്റിയുള്ള ട്രെയിനികളുടെ ഹാൾടിക്കറ്റ് ജെനറേഷൻ കഴിഞ്ഞതിനു ശേഷം ടി ട്രെയിനികൾക്ക് നേരിട്ടോ ഐ .ടി.ഐ**

**മുഖന്തിരമോ റോൾ നമ്പർ ലോഗിൻ ചെയ്ത് DGT തീരുമാനിക്കുന്ന CBT ( Computer Based Test ) ഏജൻസി പോർട്ടൽ മുഖേന മേൽഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന ഓൺലൈൻ പരീക്ഷയ്ക്കുള്ള ഫീസ് ഒടുക്കാവുന്നതാണ്.**

**4.** 19-12-19 തീയതിയിലെ MSDE-18011/08/CTS/JAN-2020/19-TTC നമ്പർ കത്ത് പ്രകാരം അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (ആനുവൽ) പരീക്ഷകൾക്ക് നെഗറ്റീവ് മാർക്ക് സമ്പ്രദായം നിർത്തലാക്കിയതായി ഡി.ജി.റ്റി. അറിയിച്ചിട്ടുണ്ട്.

**5.**പ്രാക്ടിക്കൽ പരീക്ഷയിൽ മെഷീനുകളിൽ പ്രായോഗിക പരീക്ഷ ചെയ്യേണ്ടവർ പരീക്ഷയ്ക്ക് മുൻപായി നൂറ്റി പത്ത് രൂപ ( 110/- ) ജാമ്യനിക്ഷേപ തുകയായി പ്രാക്ടിക്കൽ ടെസ്റ്റിന് മുമ്പ് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ ഏൽപ്പിക്കേണ്ടതും ടെസ്റ്റിന് ശേഷം ബാദ്ധ്യതകൾ ഉണ്ടായിട്ടില്ലാത്തപക്ഷം പ്രസ്തുത ജാമ്യതുക തിരികെ നൽകുന്നതുമാണ്.

**6.** എം.ഐ.സ് പോർട്ടലിൽ ഫീ സ്റ്റാറ്റസ് രേഖപ്പെടുത്തി ഹാൾ ടിക്കറ്റ് ജനറേറ്റ് ചെയ്താൽ അത് ചാൻസായി പരിഗണിക്കുന്നതാണ്.

7. ട്രേഡ് ടെസ്റ്റ് നടത്തുന്ന തീയതി , സമയം , പരീക്ഷാ കേന്ദ്രം , ഹാൾടിക്കറ്റ് വിതരണം ചെയ്യുന്ന തീയതി തുടങ്ങിയ കാര്യങ്ങൾ ഐ.ടി.ഐ പ്രിൻസിപ്പാൾമാരിൽ നിന്നും അറിയാൻ കഴിയുന്നതാണ്.കമ്പ്യൂട്ടർ അധിഷ്ഠിത ഓൺലൈൻ പരീക്ഷയുടെ പരീക്ഷാ കേന്ദ്രവും , സമയവും ഹാൾടിക്കറ്റ് ലഭ്യമാകുമ്പോൾ അറിയാൻ കഴിയുന്നതാണ്.

8. വിദ്യാഭ്യാസ യോഗ്യത, ജനനതീയതി എന്നിവ തെളിയിക്കുന്നതിനായി എസ്.എസ്.എൽ.സിയുടെ ബന്ധപ്പെട്ട് പേജ്, വാർഷിക പരീക്ഷയ്ക്ക് എം.ഐ.എസ് പോർട്ടൽ മുഖേനെ ലഭിച്ച മാർക്ക് ഷീറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, ആധാർ കാർഡിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

9. പൊതു നിർദ്ദേശത്തിൽ പറയുന്ന രേഖകൾ കൂടാതെ ഓരോ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കും പ്രത്യേകമായി നിർദ്ദേശിച്ചിരിക്കുന്ന രേഖകൾ ഉണ്ടെങ്കിൽ അവയും അപേക്ഷയോടൊപ്പം നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതാണ്.

**പ്രിൻസിപ്പാളിനുള്ള നിർദ്ദേശങ്ങൾ**

1.. അപേക്ഷയുടെ ഒന്നാം ഘട്ട സൂക്ഷമ പരിശോധനകൾ അതാത് നോഡൽ ഐടിഐ പ്രിൻസിപ്പാൾമാർ നടത്തേണ്ടതാണ്. മുൻപ് വാർഷിക പരീക്ഷയിൽ പങ്കെടുക്കുന്നതിന് ലഭിച്ച ഹാൾ ടിക്കറ്റിന്റെ പകർപ്പ്

ഉൾപ്പെടുത്താതെയുള്ള അപേക്ഷകൾ , അപേക്ഷകന്റെ ഒപ്പ് ഇല്ലാത്ത അപേക്ഷകൾ , എന്നിവ ഐടിഐ പ്രിൻസിപ്പാൾമാർ തന്നെ പരിശോധിച്ച് ഐടിഐ തലത്തിൽ തന്നെ നിരസിക്കേണ്ടതും , നിരസിക്കുന്ന അപേക്ഷയുടെ വിവരം ബന്ധപ്പെട്ട അപേക്ഷകന് രേഖാമൂലം അറിയിക്കേണ്ടതുമാണ്. ശുപാർശ ചെയ്യുന്ന അപേക്ഷകൾ മാത്രമേ ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതുള്ളു. ഇതിൽ വീഴ്ച വരുത്തുന്ന പ്രിൻസിപ്പാൾമാർക്കെതിരെ കർശന ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

2. എം.ഐ.എസ് പോർട്ടലിൽ ഹാൾടിക്കറ്റ് എലിജിബിലിറ്റിയുള്ള ട്രെയിനികളുടെ ഹാൾടിക്കറ്റ് ജെനറേഷൻ കഴിഞ്ഞതിനു ശേഷം ടി ട്രെയിനികൾക്ക് നേരിട്ടോ ഐ.ടി.ഐ മുഖന്തിരമോ റോൾ നമ്പർ ലോഗിൻ ചെയ്ത് DGT തീരുമാനിക്കുന്ന CBT ( Computer Based Test ) ഏജൻസി പോർട്ടൽ മുഖേന മേൽഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന ഓൺലൈൻ പരീക്ഷയ്ക്കുള്ള ഫീസ് ഒടുക്കാവുന്നതാണ്. ടി വിവരം എല്ലാ ട്രിനികളെയും നേരിട്ടും നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചും അറിയിക്കേണ്ടതാണ് . ഹാൾടിക്കറ്റ് എലിജിബിലിറ്റിയുള്ള എല്ലാ ട്രെയിനികളും ഓൺലൈൻ പരീക്ഷയ്ക്കുള്ള ഫീസ് യഥാസമയം ഒടുക്കിയിട്ടുണ്ട് എന്ന് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഉറപ്പുവരുത്തേണ്ടതാണ്. MIS പോർട്ടലിൽ ഹാൾടിക്കറ്റ് എലിജിബിലിറ്റി ഉണ്ടായിരിക്കുകയും CBT പോർട്ടൽ മുഖാന്തിരം ഓൺലൈൻ പരീക്ഷാ ഫീസ് ഒടുക്കുകയും ചെയ്താൽ മാത്രമേ ട്രെയിനികൾക്ക് ഹാൾടിക്കറ്റ് ലഭ്യമാകുകയുള്ളൂ എന്ന വിവരം പ്രത്യേകം ഓർമിപ്പിക്കുന്നു .

3. പ്രിൻസിപ്പാൾമാർ ശുപാർശ ചെയ്യുന്ന അപേക്ഷകൾ **25-01-2020** .വൈകുന്നേരം 3 മണിക്ക് മുൻപായി പരീക്ഷാ വിഭാഗത്തിൽ പ്രത്യേക ദൂതൻ മുഖാന്തിരം എത്തിക്കേണ്ടതാണ്. നിശ്ചിതസമയപരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

4. അപേക്ഷാ ഫോറത്തിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**
**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

**കുറിപ്പ്**-ഡയറക്ടറേറ്റിൽ ശുപാർശ ചെയ്ത് അയയ്ക്കുന്ന അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ ഉൾപ്പൊള്ളിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട് പ്രിൻസിപ്പാൾമാർ നിർബന്ധമായും ഉറപ്പ് വരുത്തേണ്ടതാണ്.

1. നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാ ഫോറം (അപേക്ഷാ ഫോറത്തിന്റെ മാതൃക പ്രിൻസിപ്പാൾമാർ ഐടിഐകളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.)

2. വിദ്യാഭ്യാസ യോഗ്യത, ജനനതീയതി എന്നിവ തെളിയിക്കുന്നതതിനായി സർട്ടിഫിക്കറ്റിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

3. വാർഷിക പരീക്ഷയിൽ പങ്കെടുക്കുന്നതിന് എം.ഐ.സ് പോർട്ടൽ മുഖേന ലഭിച്ച ഹാൾ ടിക്കറ്റ് , മാർക്ക് ഷീറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്

4. ട്രെയിനികൾ മുൻ വർഷത്തിൽ അപേക്ഷ സമർപ്പിച്ച ഐടിഐയിലെ പ്രിൻസിപ്പാളിന്റെ ശുപാർശ.

5. നിശ്ചിത ഫീസ് ഒടുക്കിയ ചെലാന്റെ അസ്സൽ

സ്വീകർത്താവ്-എല്ലാ ഐടിഐ പ്രിൻസിപ്പാൾമാർക്കും

## APPLICATION FOR THE ALL INDIA TRADE TEST FOR PRIVATE CANDIDATES (INDUSTRIAL WORKERS) JANUARY 2020 - ANNUAL (SUPPLEMENTARY)

## (Through MIS Portal)

(Photo)

| | | | |
|---|---|---|---|
| 1. | Name (In Block letters) | : | |
| 2. | Name of Father | : | |
| 3. | Date of Birth | | |
| 4. | Address to which communications are to be sent (in block letters) with Pin code, Phone no: and e-mail ID: | : | |
| 5. | Permanent Address | : | |
| 6. | Educational Qualification<br>*(Attested copy to be attached)* | : | |
| 7. | Whether employed *(given full address of Employer)* | | |
| 8. | Religion & Caste. | | |
| 9. | Whether the applicant from Establishment covered under Apprentice Act 1961 | | |
| 10. | Whether the Applicant appeared for Apprentice test under Apprentice Act, 1961 who failed six times in the AIATT *(Furnish the details)* | | |
| 11. | Details of Previous Roll Nos., Year/Month of Trade Test | | Sl. No \| Roll No. \| Month & Year |
| 12. | Subject applied | | |
| 13. | Subject already passed<br>Roll No:<br>Year and Month of Exam | : | |

| | | | |
|---|---|---|---|
| 14. | Nature of Employment | | Permanent/ Temporary |
| 15. | Name of Trade applied | | |
| 16. | Fees Details | | Chelan No……… …..<br>Chelan Date:…………..<br>Name of Treasury………….. |

Place:
Date:

Signature of the applicant.

## DECLARATION

I do here by declare that the information furnished above is true to the best of my knowledge and belief. I agree to attend the trade test at the Centre allotted by the Director of Training.

Date :

Name and Signature of the Applicant

## RECOMMENDATION

I recommend Sri/Kumari ……………………………..to appear Annual (Supplementary) examination in AITT January 2020. Certify that he/she is not availed 5 chances with in 5 years.

(Office Seal                Name & Signature of ITI Principal